**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1211 04.12.2014 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകൾ

*ചോദ്യം*

ശ്രീ. ടി.വി.രാജേഷ്

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും അനധ്യാപക തസ്തികകൾ പി.എസ്.സി.ക്ക് വിടുന്നതിന് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഉത്തരവ് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (എ) | ഉണ്ട്.<br>സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിന് സർവ്വകലാശാലകളിലെ ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ പി.എസ്.സി.ക്ക് അധിക ചുമതല നൽകുന്നതിനുള്ള ആക്ടും പുറപ്പെടുവിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ

Sectt 3/45/2010/5 lakhs GPM © Govt of Kerala

(1)

GOVERNMENT OF KERALA
സംഗ്രഹം

ഉന്നത വിദ്യാഭ്യാസം - സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(എം.എസ്) 398/10/ഉ.വി.വ തീയതി, തിരുവനന്തപുരം, 18/12/2010

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

<u>ഉത്തരവ്</u>

കേരളത്തിലെ സർവ്വകാലാശാലകളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ നിയമനം ഇപ്പോൾ അതത് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾ അനുസരിച്ച് സർവ്വകലാശാലകളാണ് നടത്തിവരുന്നത്.

അധ്യാപക നിയമനം യു.ജി.സി നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് സെലക്ഷൻ സമിതികളാണ് നടത്തുന്നത്. അതത് വിഷയങ്ങളിൽ പ്രാവീണ്യമുള്ള ഉദ്യോഗാർത്ഥികളെ വിദഗ്ധർ അടങ്ങുന്ന സമിതികളാണ് തെരഞ്ഞെടുക്കുന്നത്. ഉന്നത അക്കാദമിക നിലവാരം പുലർത്തുന്നവരെ സർവ്വകലാശാലാ സംവിധാനത്തിനുള്ളിലേയ്ക്ക് കൊണ്ടുവരാൻ ഏറ്റവും പര്യാപ്തമായ സംവിധാനമാണിത്.

എന്നാൽ സർവ്വകലാശാലകൾ സ്വയം നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുസരിച്ചാണ് അനധ്യാപക തസ്തികകളിലേക്കുള്ള നിയമനം ഇപ്പോൾ നടത്തുന്നത്. അക്കാദമികമായ മികവിനും സർവ്വകലാശാലയുടെ കാര്യക്ഷമമായ ഭരണത്തിനും ഊന്നൽ നൽകേണ്ട സർവ്വകലാശാലാഭരണ സംവിധാനം, അനധ്യാപക നിയമന കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടിവരുന്നത് സർവ്വകലാശാലയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏറെ തടസ്സം സൃഷ്ടിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ കേരളത്തിലെ സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

ഇതിനായി സർവ്വകലാശാലകളുടെ നിലവിലുള്ള സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്താൻ സർവ്വകലാശാലകളെ ചുമതലപ്പെടുത്തുന്നു. നിലവിലുള്ള ആക്റ്റുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ആയതിനുള്ള ശുപാർശ സർവ്വകലാശാലകൾ സർക്കാരിനു സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കുരുവിള ജോൺ
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗവർണ്ണറുടെ സെക്രട്ടറി
2. സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
4. രജിസ്ട്രാർ, കേരള/ മഹാത്മാഗാന്ധി / കൊച്ചി ശാസ്ത്രസാങ്കേതിക / ശ്രീ ശങ്കരാചാര്യ സംസ്കൃത/ കാലിക്കറ്റ് / കണ്ണൂർ/ന്യൂവൽസ് സർവ്വകലാശാലകൾ.
5. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രചരണത്തിനായി)
6. അക്കൌണ്ടന്റ് ജനറൽ
7. അഡ്വക്കേറ്റ് ജനറൽ
8. പൊതു ഭരണ (എസ്. സി) വകുപ്പ് (ഇനം നം.5493-15-12-2010)
9. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്;

1. ബഹു. വിദ്യാഭ്യാസ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ.

True Copy
S.O

Sectt 3/45/2010/5 lakhs GPM © Govt of Kerala

(3)

# GOVERNMENT OF KERALA

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സർവ്വകലാശാലകൾ - അനദ്ധ്യാപക റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുള്ള നിയമ നിർമ്മാണവും ഇതിനകം ആരംഭിച്ചിട്ടുള്ള നിയമന നടപടികൾ തുടരുന്നതിന് അനുമതിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ. (എം.എസ്) നം. 11/2011/ഉവിവ — തീയതി, തിരുവനന്തപുരം. 04/02/2011

*പരാമർശം:- 18/12/2010 ലെ സ.ഉ. (എം.എസ്)399/10/ഉ.വി.വ.*

<u>ഉത്തരവ്</u>

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സർവ്വകലാശാലകളിലെ അനദ്ധ്യാപക റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാല നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമനിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളൂ, ഇങ്ങനെ നടത്തുന്ന നിയമനിർമ്മാണങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ കഴിയുകയില്ല. നിലവിലുള്ള നിയമ വ്യവസ്ഥ അനുസരിച്ച് സർവ്വകലാശാല നടത്തിയ പരീക്ഷകളും പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളും റദ്ദാക്കാൻ ആവുകയില്ല, അങ്ങനെ ചെയ്താൽ അതിന് നിയമസാധുതയും ഉണ്ടാവുകയില്ല.

3 ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

4. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ താഴെ പറയും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുന്നു.
2. റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകുന്നതിന് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന വിധം ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമവകുപ്പിനെ ചുമതലപ്പെടുത്തുന്നു.
3. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമം അനുസരിച്ച് ആയത് തുടരുന്നതിന് അനുമതി നൽകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ടോം ജോസ്
*പ്രിൻസിപ്പൽ സെക്രട്ടറി*

ഗവർണ്ണറുടെ സെക്രട്ടറി
രജിസ്ട്രാർ, കേരള സർവ്വകലാശാല,
രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല
രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
രജിസ്ട്രാർ, കാലിക്കറ്റ് സർവ്വകലാശാല
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രചരണത്തിനായി)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
നിയമ വകുപ്പ് (നം. 24687/ലെഗ്.ജി2/10/നിയമം)
പൊതുഭരണ (എസ്.സി) വകുപ്പ്, (ഇനം നം. 5726/02.02 2011)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
sd
സെക്ഷൻ ഓഫീസർ

True Copy
[signature]